Draft #4 of File 16033/P&D 2/1/2019/P&D 2 Approved by ASSISTANT REGISTRAR II (FINANCE) on 25-Jun-2019 02:25 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ധനകാര്യം-സർവ്വകലാശലാ ബജറ്റ് 2019-20 - അധിക തുക വകയിരുത്തൽ - ശീർഷകം 22 501 70 - SPARC Scheme - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഫിനാൻസ് 4 സെക്ഷൻ**

നമ്പർ. 2911/Finance 4/2019/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 26.06.2019

---

പരാമർശം:-1. 30.05.2019-ലെ സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നം. 16033/P&D 2/1/2019/P&D 2
2. 31.05.2019-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ നടപടി കുറിപ്പ് ഇനം നം. ഒ.എ്.18/19.04/1633/P&D/2/1/2019/P&D 2 .

**ഉത്തരവ്**

നാല് SPARC (Scheme for Promotion of Academic and Research Collaboration) ഗവേഷണ പ്രോജക്ടുകളുടെ ഒന്നാം ഗഡു ഗ്രാൻറ് ഇനത്തിൽ ആകെ ₹29,99,970/- (ഇരുപത്തൊമ്പത് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി തൊള്ളായിരത്തി എഴുപത് രൂപാ മാത്രം) ഫണ്ടിംഗ് ഏജൻസിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. SPARC സ്കീമിൽ ഏഴോളം പദ്ധതികൾ അംഗീകരിച്ചിട്ടുള്ളതിനാൽ കൂടുതൽ തുക സർവ്വകലാശാലയ്ക്ക് ലഭിക്കുന്നതാണ്.നടപ്പ് സാമ്പത്തിക വർഷത്തെ ബന്ധപ്പെട്ട "22 501 70- SPARC Scheme" എന്ന ശീർഷകത്തിൽ നിലവിൽ ₹5,00,000/- (അഞ്ച് ലക്ഷം രൂപാ മാത്രം) വകയിരുത്തിയിട്ടുള്ളതിനാൽ ടി ശീർഷകത്തിൽ ₹25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപാ മാത്രം) അധികമായി വകയിരുത്തി അടങ്കൽ തുക ₹30,00,000/- (മുപ്പതുലക്ഷം രൂപ മാത്രം ) രൂപയായി വർദ്ധിപ്പിക്കുന്നതിന് ഫിനാൻസ് വിഭാഗം ശിപാർശ ചെയ്യുകയും 17.05.2019-ൽ ടി വിഷയം സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് വൈസ് ചാൻസലർ ഉത്തരവാകുകയും ചെയ്തിരുന്നു.

ടി വിഷയം പരിശോധിച്ച സിൻഡിക്കേറ്റ് പരാമർശം (1) ലെ കുറിപ്പിൽ നിർദ്ദേശിച്ച പ്രകാരം SPARC ൽ നിന്നും കൂടുതൽ തുക ലഭിക്കാനുള്ള സാധ്യത കൂടി കണക്കിലെടുത്ത് പരാമർശം (2) പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ "22 501 70 - SPARC Scheme" എന്ന ശീർഷകത്തിൽ ₹50,00,000/- (അൻപത് ലക്ഷം രൂപാ മാത്രം) വകയിരുത്തുന്നതിനു തീരുമാനിച്ചു.

മേൽ പ്രകാരമുള്ള അധിക തുക വകയിരുത്തലിന് ശേഷം ബന്ധപ്പെട്ട ശീർഷകത്തിലെ അടങ്കൽ തുക₹55,00,000/-(അൻപത്തിയഞ്ച് ലക്ഷം രൂപാ മാത്രം)രൂപയായി വർദ്ധിക്കുന്നതാണ്. സർവ്വകലാശാലയുടെ 2019 -20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അടങ്കലും വാർഷിക കമ്മിയും മേൽ സൂചിപ്പിച്ച പ്രകാരം പരിഷ്കരിക്കുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സാബു.സി ജോർജ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 ഫിനാൻസ്
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാറുടെ / ഫിനാൻസ് ഓഫീസറുടെ പി. എ. മാർ
3. ജോയിൻറ് ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ വകുപ്പ്.
4. P&D 2 സെക്ഷൻ
5. ജനറൽ ക്യാഷ് / അക്കൗണ്ട്സ് -V / എ.സി.സി-I /Ad D സെക്ഷനുകൾ.
6.ഫിനാൻസ് ഓഡിറ്റ്-1/ഫിനാൻസ് ഓഡിറ്റ് IV /ഫിനാൻസ് ഓഡിറ്റ് V.
7. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യൂ.എ.സി.
8. സ്റ്റോക്ക് ഫയൽ / ഫയൽ പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 16033/P&D 2/1/2019/P&D 2 Approved by ASSISTANT REGISTRAR II (FINANCE) on 25-Jun-2019 02:25 PM - Page 2